# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 544 | 29.05.2019 - ൽ മറുപടിക്ക് |
|---|---|

## സെയിൽസ് ടാക്സ് കുടിശ്ശിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.കെ. ശശീന്ദ്രൻ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സെയിൽസ് ടാക്സ് ഇനത്തിൽ എത്ര രൂപ കുടിശ്ശികയായി സർക്കാരിന് ലഭിക്കാനുണ്ട്; | (എ) | കേരള പൊതുവില്പന നികുതി ഇനത്തിൽ 31.03.2019 വരെ 2427.72 കോടി രൂപ കുടിശ്ശികയായി സർക്കാരിന് ലഭിക്കാനുണ്ട്. |
| (ബി) | സെയിൽ ടാക്സ് കുടിശ്ശിക വരുത്തിയവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ മൊറട്ടോറിയം സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തിയവർക്കും ബാധകമാണോ; | (സി) | സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ മൊറട്ടോറിയം സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തിയവർക്ക് ബാധകമല്ല. എന്നാൽ കശുവണ്ടി മേഖല നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത മേഖലയുടെ പുന:രുദ്ധാരണത്തിനായി ടി വ്യവസായികൾ വരുത്തിയിട്ടുള്ള സെയിൽസ് ടാക്സ് അടക്കമുള്ള കുടിശ്ശികകളെ റിക്കവറി നടപടികളിൽ നിന്നും ഒരു വർഷത്തേക്ക് ഒഴിവാക്കുന്നതിനായി 06.02.2019 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തിയവർക്ക് അത് തിരിച്ചടക്കുന്നതിന് സമാശ്വാസ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കേരള പൊതുവില്പന നികുതി കുടിശ്ശിക വരുത്തിയവർക്ക് തിരിച്ചടക്കുന്നതിന് വേണ്ടി ആകർഷകമായ ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 31.03.2005 വരെയുള്ള വില്പന നികുതി കുടിശ്ശിക പിഴ, പലിശ ഒഴിവാക്കിയും 1.04.2005 മുതൽ 31.03.2018 വരെയുള്ള നികുതി കുടിശ്ശിക പിഴ മാത്രം ഒഴിവാക്കിയും തവണകളായി അടച്ചുതീർക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ